# SSLC മാതൃകചോദ്യപേപ്പർ 2022 സാമൂഹ്യശാസ്ത്രം

# DIET,പാലക്കാട്

ആകെ മാർക്ക് -80 സമയം-2 1/2 മണിക്കൂർ

നിർദ്ദേശങ്ങൾ :

- ആദ്യ പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ് .സ്കോറും സമയവും പരിഗണിച്ചുവേണം ഉത്തരമെഴുതുവാൻ
- A,B വിഭാഗങ്ങളിൽ A - ഫോക്കസ് ഏരിയയിൽ നിന്നും B- നോൺഫോക്കസ് ഏരിയയിൽ നിന്നുമുള്ള ചോദ്യങ്ങളെ സൂചിപ്പിക്കുന്നു .

## പാർട്ട് I

**A. 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക**

(1 സ്കോർ വീതം)(4x1=4)

1.'ഗ്രാമീണ ചെണ്ടക്കാരൻ' എന്ന ചിത്രം വരച്ചത് ആരാണ് ?

(രാജാ രവിവർമ്മ, അബനീന്ദ്രനാഥ ടാഗോർ, നന്ദലാൽ ബോസ്, അമൃത ഷേർഗിൽ )

2 കമ്പനികളുടെ അറ്റ ആദായത്തിന്മേൽ ചുമത്തുന്ന നികുതി ഏതാണ് ?

( വ്യക്തിഗത ആദായ നികുതി,ജി എസ് ടി ,കോർപ്പറേറ്റ് നികുതി,എക്സൈസ് നികുതി )

3.1857 ലെ കലാപത്തിലെ ആദ്യ രക്തസാക്ഷി ആരാണ് ?

(മംഗൽപാണ്ഡെ , ബഹദൂർഷാ II , നാനാസാഹിബ് , ഝാൻസി റാണി)

4 ഇന്ത്യയുടെ കേന്ദ്രബാങ്ക് ഏതാണ് ?

(നബാർഡ്, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ , കനറാ ബാങ്ക് )

5 താഴെ പറയുന്നവയിൽ മാനവവിഭവത്തിന്റെ ഗുണപരമായ സവിശേഷതയിൽ ഉൾപെടാത്തത് ഏതാണ് ?

(വിദ്യഭ്യാസം, ആരോഗ്യപരിപാലനം, പരിശീലനം , ജനനനിരക്ക് )

6 പടിഞ്ഞാറോട്ടൊഴുകുന്ന ഹിമാലയൻ നദി ഏതാണ് ?

( സിന്ധു, ഗംഗ, ബ്രഹ്മപുത്ര, ഗോദാവരി)

**B-7 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക**

**(1 സ്കോർ വീതം)(4x1=4)**

7. നെപ്പോളിയൻ ബോണപ്പാർട്ട് പരാജയപ്പെട്ട യുദ്ധം ഏത്?

(ഫ്രഞ്ച് വിപ്ലവം , കുളച്ചൽ യുദ്ധം ,വാട്ടർലൂ യുദ്ധം , പാനിപ്പത്ത് യുദ്ധം )

8. കൂട്ടത്തിൽ പെടാത്തത് ഏത് ?

(ലൂ, മാംഗോ ഷവേഴ്സ് , കാൽബൈശാഖി, ഹർമാറ്റൻ )

DIET PALAKKAD

9. ഇന്ത്യയിലെ മുഖ്യ താപോർജ്ജ സ്രോതസ്സാണ് ............................

(പ്രകൃതി വാതകം , പെട്രോളിയം , കൽക്കരി , ഡോളമൈറ്റ് )

10. ഐക്യരാഷ്ട്ര ദിനമായി ആചരിക്കുന്നത് എന്നാണ് ?

(ഒക്ടോബർ 24, സെപ്റ്റംബർ 16 , ഡിസംബർ 5 , ജനവരി 16 )

## പാർട്ട് II

**A- 11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരം എഴുതുക**

**(2 സ്കോർ വീതം)(3x2=6)**

11. യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷനും സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനും താരതമ്യം ചെയ്യുക

12. ബ്രിട്ടീഷുകാർക്കെതിരെ കുറിച്യർ നടത്തിയ കലാപത്തിന്റെ കാരണങ്ങൾ എന്തെല്ലാമായിരുന്നു ?

13. ഇന്ത്യൻ വിദേശനായത്തിന്റെ പ്രധാനപ്പെട്ട ഏതെങ്കിലും രണ്ട് തത്വങ്ങൾ എഴുതുക ?

14. ഇന്റഗ്രേറ്റഡ് ജി എസ് ടി (IGST)എന്നാൽ എന്ത്?

15. ആകാശീയ വിദൂര സംവേദനത്തിന്റെ ഏതെങ്കിലും രണ്ട് പോരായ്മകൾ എഴുതുക .

**B-1 6 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക**

**(2 സ്കോർ വീതം)(2x2=4)**

16. പട്ടിക പൂർത്തിയാക്കുക

| പരിഷ്ക്കരണ പ്രസ്ഥാനം | പരിഷ്കർത്താക്കൾ |
|---|---|
| ആര്യസമാജം | .............................................. |
| ................................................ | സ്വാമിവിവേകാനന്ദൻ |

17. മൈക്രോഫിനാൻസിന്റെ ഏതെങ്കിലും രണ്ട് ലക്ഷ്യങ്ങൾ എഴുതുക .

18. ഇരുമ്പുരുക്ക് വ്യവസായത്തിന്റെ സ്ഥാനനിർണ്ണയത്തിന് പരിഗണിക്കുന്ന ഏതെങ്കിലും രണ്ട്ഘടകങ്ങൾ എഴുതുക.

## പാർട്ട് III

**A-19 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരം എഴുതുക**

**(4 സ്കോർ വീതം)(3x4=12)**

19. വ്യക്തികളിൽ പൗരബോധം വളർത്തുന്നതിൽ കുടുംബം വഹിക്കുന്ന പങ്ക് വിലയിരുത്തുക .

20. നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ താഴെ പറയുന്നവ അടയാളപ്പെടുത്തുക.

a) സത്പുര മലനിരകൾ b) മാൾവ പീഠഭൂമി c) കാവേരി നദി d) വിശാഖപട്ടണം

21. 1986 ലെ ഉപഭോക്തൃ സംരക്ഷണ നിയമം അനുശാസിക്കുന്ന ഉപഭോക്താവിന്റെ അവകാശങ്ങൾ ഏതെല്ലാം ?

DIET PALAKKAD

22. ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ ദേശീയ പ്രസ്ഥാനം നടത്തിയ നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ഫലങ്ങൾ വിശകലനം ചെയ്യുക
23. ആധുനിക സമൂഹത്തിലെ ഓരോ അംഗവും പൗരൻ എന്നറിയപ്പെടുന്നു .
    a) എന്താണ് പൗരത്വം ?
    b) പൗരത്വത്തിന്റെ സവിശേഷതകൾ എന്തെല്ലാം ?
    c) വിവിധതരം പൗരത്വങ്ങൾ ഏതെല്ലാം ? വിശദമാക്കുക.

**B- 24 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരം എഴുതുക**

**(4 സ്കോർ വീതം)(1x4=4)**

24. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ സാമ്പത്തിക മേഖലകൈവരിച്ച നേട്ടങ്ങൾ വിശകലനം ചെയ്യുക.
25. ജനസംഖ്യാപഠനം ഒരു രാജ്യത്തെ എങ്ങനെയെല്ലാം സഹായിക്കുന്നു ?

**പാർട്ട് IV**

**A- 26 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരം എഴുതുക**

**(6 സ്കോർ വീതം)(3x6=18)**

26. ധരാതലീയ ഭൂപടങ്ങൾ വലിയതോത് ഭൂപടങ്ങളാണ് .
    a) ധരാതലീയ ഭൂപടങ്ങളിൽ എന്തെല്ലാം ഭൗമോപരിതല സവിശേഷതകളാണ് ചിത്രീകരിക്കാറുള്ളത് ?
    b) ഇന്ത്യയിൽ ധരാതലീയ ഭൂപടങ്ങൾ നിർമ്മിക്കുന്ന ഏജൻസി എതാണ് ?
    c) ധരാതലീയ ഭൂപടങ്ങളുടെ ഉപയോഗങ്ങൾ എന്തെല്ലാം ?
27. വിവിധ ആഗോള മർദ്ദമേഖലകൾ ഏതെല്ലാം ? അവയുടെ സവിശേഷതകൾ വിശദമാക്കുക .
28. സാമൂഹിക പരിഷ്കരണ പ്രക്ഷോഭങ്ങളുമായി ബന്ധപ്പെട്ട് കേരളത്തിൽ നടന്ന സംഭവങ്ങളാണ് വൈക്കം സത്യാഗ്രഹവും ഗുരുവായൂർ സത്യാഗ്രഹവും. വിശദമാക്കുക
29. താഴെ നൽകിയിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ സമൂഹശാസ്ത്രത്തിലെ പഠനരീതികൾ വിശകലനം ചെയ്യുക .
    - അഭിമുഖം
    - കേസ് സ്റ്റഡി
    - നിരീക്ഷണം

**B- 30 മുതൽ 32 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക**

**(6 സ്കോർ വീതം)(2x6=12)**

30. ഭൂവിവര വ്യവസ്ഥയുടെ പ്രയോജനങ്ങൾ എന്തെല്ലാം ?
31. ഇന്ത്യൻ ദേശീയത രൂപപ്പെടുന്നതിൽ പത്രങ്ങൾ വഹിച്ച പങ്ക് വിവരിക്കുക.
32. ഇ ഗവേണൻസ് എന്നാൽ എന്ത് ? ഇ ഗവേണൻസിന്റെ നേട്ടങ്ങൾ എന്തെല്ലാം ?

DIET PALAKKAD

**പാർട്ട് V**

**A- 33 മുതൽ 35 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക**

**(8 സ്കോർ വീതം)(2x8=16)**

33. റഷ്യയിൽ ഫെബ്രുവരി വിപ്ലവവും അതിനെ തുടർന്ന് ഒക്ടോബർ വിപ്ലവവും ഉണ്ടാവാനിടയായസാഹചര്യം വിശദമാക്കുക .

34. ഭൂമിയെ 24 സമയമേഖലകളാക്കി തിരിച്ചിരിക്കുന്നു .

a) പ്രാദേശിക സമയം , ഗ്രീനിച്ച് സമയം,സ്റ്റാൻഡേർഡ് സമയം ഇവ എന്തെന്ന് വിശദമാക്കുക.

b) ഒരു രാജ്യത്ത് നിരവധി പ്രാദേശിക സമയങ്ങൾ ഉണ്ടായാൽ സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകൾ എന്തെല്ലാം ?

c) ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം കണക്കാക്കുന്നതെങ്ങനെ ?

d) ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം ഗ്രീനിച്ച് സമയത്തിൽ നിന്നും എത്ര വ്യത്യാസപ്പെട്ടിരിക്കുന്നു ?

35. ഒന്നാം ലോക യുദ്ധത്തിന്റെ കാരണങ്ങൾ വിവരിക്കുക .

DIET PALAKKAD

